**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1340** **10-10-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങളെ വൃത്തിയുള്ളതാക്കി നിലനിർത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പ്രധാന ബീച്ചുകളിലും മറ്റ് വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലും വിദേശികൾക്ക് ഉൾപ്പടെ ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള വൃത്തിയും നിലവാരവുമുള്ള ശുചിമുറികൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരളത്തിലെ പ്രധാന ബീച്ചുകളിലും, ടൂറിസം കേന്ദ്രങ്ങളിലും വിദേശികൾ ഉൾപ്പടെയുള്ള വിനോദസഞ്ചാരികൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള നിലവാരമുള്ള ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ്, വർക്കല എന്നീ സ്ഥലങ്ങളിലുള്ള പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. കൊല്ലം ജില്ലയിലെ പ്രവർത്തികൾ നടന്നുവരുന്നു. കൂടാതെ ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ശുചിത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പുതിയ ടോയ്‌ലറ്റുകളുടെ നിർമ്മാണവും പുനരുദ്ധാരണവും പരിഗണനയിലാണ്. |
| (ബി) | സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ വൃത്തിഹീനമായ പരിസരം സഞ്ചാരികളെ അകറ്റുന്നതിന് ഇടയാക്കുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിനോദസഞ്ചാര കേന്ദ്രങ്ങളെ വൃത്തിയുള്ളതാക്കി നിലനിർത്തുന്നതിന് വകുപ്പ് നിരന്തരമായ പരിശോധനകൾ നടത്താറുണ്ടോ; | (ബി) | വിനോദസഞ്ചാര കേന്ദ്രങ്ങളെ ശുചിത്വമുള്ളതും ആരോഗ്യകരവുമായി നിലനിർത്തിക്കൊണ്ട് അവയുടെ നിലവാരം ഉയർത്തിക്കൊണ്ടു വരുന്നതിനായി വിനോദസഞ്ചാര വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>• **<u>ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ.</u>**<br><br>വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പ് വരുത്തുന്നതിനും, ആരോഗ്യകരമായി നിലനിർത്തി അവയുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിനുമായി കുടുംബശ്രീയുടെ സഹകരണത്തോടെ ജില്ല ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംപെയിൻ". 14 ജില്ലകളിലായി നടപ്പിലാക്കി വരുന്ന ടി പദ്ധതിയിൽ 645 കുടുംബശ്രീ ജീവനക്കാർ പ്രവർത്തിച്ചു വരുന്നു. ഇതിനായി വകുപ്പിൽ നിന്നും തുകയും അനുവദിച്ചു വരുന്നുണ്ട്.<br><br>• **<u>കോവളംഡെസ്റ്റിനേഷനിലെ മാലിന്യ സംസ്കരണം</u>** |

| | | | |
|---|---|---|---|
| | | | കോവളം ടൂറിസം കേന്ദ്രത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി കോവളം ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു .<br><br>• **<u>ഇടുക്കി ജില്ലയിലെ 14 ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം</u>**<br><br>ഇടുക്കി ജില്ലയിൽ ഉൾപ്പെട്ട പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ മൂന്നാർ, മാട്ടുപ്പെട്ടി , മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ , രാമക്കൽ മേട് (ആമപ്പാറ), രാമക്കൽ മേട് പാർക്ക് പരുന്തുപാറ, പാഞ്ചാലി മേട് , വളഞ്ഞങ്ങാനം, ഇടുക്കി പാർക്ക് , ഹിൽവ്യൂ പാർക്ക് - ഇടുക്കി, വാഗമൺ (മൊട്ടക്കുന്ന്), വാഗമൺ(അഡ്വഞ്ചർ പാർക്ക്) തൊമ്മൻ കുത്ത്, അരുവിക്കുഴി എന്നീ ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം നടത്തുന്നതിനായി സേവ് "ഗ്രീൻ സേവ് ടൂറിസം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ മാലിന്യ മുക്ത കേരളം പദ്ധതി വഴി വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ഖര-ദ്രാവക മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങളും നടന്നു വരുന്നു. |
| (സി) | ഓരോ വിനോദസഞ്ചാര കേന്ദ്രത്തിന്റെയും പരിസരം വൃത്തിയുള്ളതാണെന്ന് ഉറപ്പുവരുത്തുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് ഏത് ഉദ്യോഗസ്ഥനെയാണ്; വിശദമാക്കാമോ? | (സി) | അതാത് ഡെസ്റ്റിനേഷനുകളിലെ ഡെസ്റ്റിനേഷൻ മാനേജർമാർക്കാണ് ഇതിന്റെ ചുമതല |

സെക്ഷൻ ഓഫീസർ